മട്ടന്നൂർ കൊലപാതകം യു.എ.പി.എ ചുമത്തണം: ഹസൻ

തിരുവനന്തപുരം: മട്ടന്നൂരിൽ യൂത്ത് കോൺഗ്രസ് നേതാവ് ഷുഹൈബ് കൊല്ലപ്പെട്ട സംഭവത്തിൽ യു.എ.പി.എ പ്രകാരം കേസ് രജിസ്റ്റർ ചെയ്യണമെന്ന് കെ.പി.സി.സി പ്രസിഡന്റ് എം.എം. ഹസൻ പറഞ്ഞു. സംഭവത്തിൽ സി.പി.എമ്മിനാണ് ഉത്തരവാദിത്വമെന്ന് വ്യക്തമായിട്ടുണ്ട്. ഇതിന് പിന്നിലെ ശക്തമായ ഗൂഢാലോചനയെക്കുറിച്ചും അന്വേഷിക്കണം. കൊലപാതകത്തിൽ സി.പി.എമ്മിന് ബന്ധമില്ലെന്ന പി. ജയരാജന്റെ പ്രസ്താവന സത്യമാണെങ്കിൽ കുറ്റക്കാർക്ക് സംരക്ഷണം നൽകരുത്.

ഡ്യൂട്ടിക്ക് പോകാതെ ഉറങ്ങി, രക്ഷപ്പെടാൻ ഞരമ്പ് മുറിച്ചു

കായംകുളം: കെ. എസ്. ആർ. ടി. സിയെ രക്ഷിക്കാൻ മാനേജ്മെന്റ് നടപടി കർക്കശമാക്കിയപ്പോൾ ഡ്യൂട്ടിക്ക് പോകാതെ ഉറങ്ങിപ്പോയ ഡ്രൈവർ കൈത്തണ്ടിലെ ഞരമ്പ് മുറിച്ചു. കായംകുളം കെ.എസ്.ആർ.ടി.സി ഡിപ്പോയിലെ ഡ്രൈവറായ ഓച്ചിറ സ്വദേശി ബിമലാണ് (42) അച്ചടക്ക നടപടികളിൽ നിന്ന് രക്ഷപ്പെടാൻ പുതിയ ഉപായം തേടിയത്. പുലർച്ചെ 5.45ന് ബസിൽ ജോലിക്ക് കയറേണ്ട ഇയാൾ ക്ഷീണം കാരണം ഉറങ്ങിപ്പോയി. ഇതോടെ സർവീസും റദ്ദാക്കി.

വിശ്രമമുറിയിൽ ഉറങ്ങിക്കിടക്കുകയായിരുന്ന ഇയാളെ രാവിലെ ആറുമണിയോടെ ഡി.ടി.ഒ വിളിച്ചുണർത്തുകയും ശകാരിക്കുകയും ചെയ്തു. കൈത്തണ്ടിലെ ഞരമ്പ് മുറിച്ച ഇയാളെ ജീവനക്കാരും സുരക്ഷാ ജീവനക്കാരും ചേർന്ന് ആശുപത്രിയിലെത്തിച്ച് ചികിത്സ നൽകി.

കോർപറേഷന് നഷ്ടം വരുന്ന രീതിയിൽ പ്രവർത്തിക്കുന്നവർക്കെതിരെ നടപടി ശക്തമാക്കിയതാണ് ഡ്രൈവറെ ഭയപ്പെടുത്തിയതെന്ന് മറ്റു ജീവനക്കാർ പറയുന്നു.

ബസ് ചാർജ്: എ.ബി.വി.പി സമരം

തിരുവനന്തപുരം: ബസ് ചാർജ് വർദ്ധനയ്ക്കെതിരെ സമരം തുടങ്ങുമെന്ന് എ.ബി.വി.പി സംസ്ഥാന സെക്രട്ടറി പി. ശ്യാം രാജ് പറഞ്ഞു. വിദ്യാർത്ഥി കൺസിഷന്റെ കാര്യത്തിൽ സർക്കാർ ഒളിച്ചുകളി നടത്തുകയാണ്. മിനിമം ദൈർഘ്യത്തിന് മാത്രമാണ് പഴയ നിരക്കായ ഒരു രൂപ നിശ്ചയിച്ചിരിക്കുന്നത്.

നിയമസഭാ സമ്മേളനം 26 മുതൽ

തിരുവനന്തപുരം: നിയമസഭാ സമ്മേളനം ഈ മാസം 26 മുതൽ വിളിച്ചുചേർക്കുന്നതിന് ഗവർണറോട് ശുപാർശ ചെയ്യാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. മാർച്ച് 31ന് മുമ്പ് സമ്പൂർണ ബഡ്ജറ്റ് പാസാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സമ്മേളനം ചേരുന്നത്. ചില ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകളും പരിഗണിച്ചേക്കും. സമ്മേളനം ഏപ്രിൽ നാല് വരെ തുടരും.

സി. പി.ഐ സംസ്ഥാന സമ്മേളനം, ആറ്റുകാൽ പൊങ്കാല എന്നിവ പ്രമാണിച്ച് മാർച്ച് 1, 2 തീയതികളിൽ സഭ സമ്മേളിക്കില്ല. പെസഹ വ്യാഴം, ദുഃഖ വെള്ളി എന്നിവ കണക്കിലെടുത്ത് മാർച്ച് 29, 30 തീയതികളിലും സഭ ചേരില്ല.

സുനിൽകുമാറിന് മന്ത്രിസഭായോഗം 'മിസ്സാ'യി

തിരുവനന്തപുരം: പേട്ടയിലെ സിഗ്നൽ തകരാറിനെ തുടർന്ന് വിവിധ സ്റ്റേഷനുകളിൽ ട്രെയിനുകൾ പിടിച്ചിട്ടതിനാൽ ഇന്നലെ നടന്ന മന്ത്രിസഭാ യോഗം മന്ത്രി വി.എസ്. സുനിൽകുമാറിന് 'മിസ്സാ'യി. രാവിലെ മന്ത്രിസഭായോഗം ആരംഭിച്ച് ഏറെ കഴിഞ്ഞാണ് സുനിൽ കുമാർ സെക്രട്ടേറിയറ്റിലെത്തിയത്. തുടർന്ന്, കാബിനറ്റ് റൂമിലേക്ക് പോകാതെ സ്വന്തം ഓഫീസിലേക്ക് പോവുകയായിരുന്നു. അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് ട്രെയിനുകൾ പിടിച്ചിട്ടതിനാൽ നേരത്തേ മന്ത്രിസഭായോഗത്തിൽ ഏതാനും മന്ത്രിമാർ വൈകിയെത്തിയിരുന്നു. കഴിഞ്ഞയാഴ്ച ചേർന്ന പ്രത്യേക മന്ത്രിസഭാ യോഗം ക്വോറം തികയാതെ പിരിഞ്ഞതിനെ തുടർന്ന്, മന്ത്രിമാർ ആഴ്ചയിൽ അഞ്ചു ദിവസം തലസ്ഥാനത്തുണ്ടാവണമെന്ന നിർദ്ദേശം മുഖ്യമന്ത്രി ആവർത്തിച്ചിരുന്നു. ഇതിനിടയിലാണ് ട്രെയിൻ വീണ്ടും ഒരു മന്ത്രിക്ക് വിനയായത്.

സി.പി.എമ്മിന് രക്തദാഹം തീരില്ല: ചെന്നിത്തല

കണ്ണൂർ: സി.പി.എമ്മിന്റെ രക്തദാഹത്തിന് അറുതി വന്നില്ലെന്നതിന് തെളിവാണ് ഷുഹൈബിന്റെ കൊലപാതകമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. കൊലപാതകത്തിൽ പ്രതിഷേധിച്ച് ഡി.സി.സി പ്രസിഡന്റ് സതീശൻ പാച്ചേനിയുടെ നേതൃത്വത്തിൽ കളക്ടറേറ്റിനു മുന്നിൽ ആരംഭിച്ച ഉപവാസസമരത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വധഭീഷണി ഉണ്ടായിരുന്നതായി പിതാവ്

മട്ടന്നൂർ (കണ്ണൂർ): ഷുഹൈബ് വധക്കേസിൽ ഇപ്പോൾ നടക്കുന്ന പൊലീസ് അന്വേഷണത്തിൽ വിശ്വാസമില്ലെന്ന് പിതാവ് എടയന്നൂരിലെ സ്കൂൾ പറമ്പത്ത് മുഹമ്മദ് പറഞ്ഞു. മകനു നേരത്തെ വധഭീഷണിയുണ്ടായിരുന്നു. കുറച്ചായി പിന്തുടരുകയായിരുന്നു കൊലയാളികൾ. ഇക്കാര്യം അവൻ സുഹൃത്തുക്കളോട് പറഞ്ഞതാണ്. പൊലീസിൽ പരാതിപ്പെട്ടിട്ടും അവഗണിക്കുകയാണുണ്ടായതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ബസ് ചാർജ് വർദ്ധന മാർച്ച് 1 മുതൽ

▸ സ്വന്തം ലേഖകൻ

തിരുവനന്തപുരം: സംസ്ഥാനത്ത് ബസ് ചാർജ് വർദ്ധിപ്പിക്കാനുള്ള തീരുമാനത്തിന് മന്ത്രിസഭയുടെ അനുമതി. മാർച്ച് ഒന്നു മുതൽ മിനിമം ചാർജ് 8 രൂപയാകും. അതേസമയം, വിദ്യാർത്ഥികളുടെ മിനിമം നിരക്കു വർദ്ധിപ്പിച്ചിട്ടില്ല. മറ്റു നിരക്കുകളിൽ സ്ലാബ് അടിസ്ഥാനത്തിൽ വർദ്ധനയുണ്ടാകും. മിനിമം ചാർജിനു ശേഷമുള്ള നിരക്ക് 25 ശതമാനം വരെ വർദ്ധിപ്പിക്കും. ഇതേ നിരക്കിൽ തന്നെ വിദ്യാർത്ഥികളുടെ നിരക്കും വർദ്ധിക്കും. വിദ്യാർത്ഥികൾക്ക് ഇളവു ലഭിക്കുന്നതിനു പ്രായപരിധി നിശ്ചയിക്കണമെന്ന കമ്മിറ്റി ശുപാർശ മന്ത്രിസഭ തള്ളി. വിദ്യാർത്ഥികൾക്കു 40 കി.മീ വരെയുള്ള യാത്രയ്ക്കു പുതുക്കിയ നിരക്കിൽ ഒരു രൂപയുടെ വർദ്ധനയേ ഉണ്ടാകൂ. രണ്ടു വർഷമായി ബസുടമകൾ ചാർജ് വർദ്ധിപ്പിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു വരികയായിരുന്നു. പലതവണ സമരം നടത്തുന്നതിലേക്കും അവരുടെ പ്രതിഷേധമെത്തി. നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സിയും യാത്രാക്കൂലി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അങ്ങനെയാണ് ബസ് ചാർജ് വർദ്ധന പരിശോധിക്കുന്നതിനായി ജസ്റ്റിസ് രാമചന്ദ്രൻ കമ്മിഷനെ നിയോഗിച്ചത്. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ സ്വീകരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

വർദ്ധന 25 ശതമാനം വരെ

ഓർഡിനറി ബസുകളുടെ നിരക്ക് വർദ്ധ

ഫെയർസ്റ്റേജ്	നിലവിലെ നിരക്ക്	പുതിയ നിര
1	7	8
2	9	10
3	12	13
4	13	15
5	15	17
6	17	19
7	18	20
8	20	22
9	21	24
10	23	26
11	25	27
12	26	29
13	28	31
14	29	33

KSRTC
KL-15 9499

> ബസ് ചാർജ് വർദ്ധിപ്പിക്കുന്ന തീരുമാനം സർക്കാർ കൈക്കൊണ്ടത് സന്തോഷത്തോടുകൂടിയാണ്. ഈ വ്യവസായം നിലനിന്നു പോകണമെങ്കിൽ ഇത് ആവശ്യമാണ്
>
> -എ.കെ. ശശീന്ദ്രൻ
> ഗതാഗതമന്ത്രി

പെൻഷൻവിതരണം 20ന് തുടങ്ങും

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സി പെൻഷൻ കുടിശിക സഹകരണ ബാങ്കുകൾ മുഖേന ഈ മാസം 20ന് വിതരണം ചെയ്തു തുടങ്ങും. 28നകം പെൻഷൻ വിതരണം പൂർത്തിയാക്കുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ അറിയിച്ചു. സഹകരണ സംഘം പ്രതിനിധികളുമായി ചർച്ച നടത്തിയ ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

പെൻഷൻ വിതരണത്തിനുള്ള സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിന്റെ ഭാഗമാകാൻ 223 സംഘങ്ങൾ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

832 കോടി രൂപ നൽകാൻ സംഘങ്ങൾ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്.

എന്നാൽ പെൻഷൻ കുടിശിക നൽകാൻ 219.62 കോടി രൂപ മതി. 71 സഹകരണ സംഘങ്ങളെ ഇതിനായി കണ്ടെത്തി. പെൻഷൻകാർ പെൻഷൻ വാങ്ങുന്ന ബാങ്കിന് സമീപമുള്ള സംഘങ്ങളിൽ അക്കൗണ്ട് തുടങ്ങണം. ഇതുവഴിയാണ് പെൻഷൻ വിതരണം ചെയ്യുക. 39,045 പെൻഷൻകാരാണുള്ളത്. കൂടുതൽ പേർ തിരുവനന്തപുരത്താണ്, 12266 പേർ. ഇവർക്ക് പെൻഷൻ നൽകാൻ 70.31 കോടി രൂപയാണ് ആവശ്യമുള്ളത്. വായ്പയെടുക്കുന്നതിന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

സെക്രട്ടേറിയറ്റ് ദർബാർ ഹാളിലാണ് യോഗം നടന്നത്. പത്ത് ശതമാനം പലിശ സഹിതം യഥാസമയം വായ്പാ തുക പ്രാഥമിക സംഘങ്ങൾക്ക് മടക്കി നൽകുമെന്ന് സഹകരണ വകുപ്പ് സെക്രട്ടറി പി. വേണുഗോപാൽ സഹകരണ സംഘം ഭാരവാഹികളെ അറിയിച്ചു.

പെൻഷൻ പ്രായം അറുപതാക്കാൻ നിർദ്ദേശം

തിരുവനന്തപുരം: പെൻഷൻ പ്രായം 60 ആയി ഉയർത്തൽ ഉൾപ്പെടെയുള്ള നിർദ്ദേശങ്ങളടങ്ങിയ കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പാക്കേജ് ഇന്നലെ ചേർന്ന മന്ത്രിസഭായോഗം ചർച്ച ചെയ്യാതെ മാറ്റിവച്ചു.

ഗതാഗത മന്ത്രി എ.കെ. ശശീന്ദ്രനാണ് ഇത് അജൻഡയിൽ ഉൾപ്പെടുത്തി യോഗത്തിന്റെ പരിഗണനയ്ക്ക് വച്ചത്. എന്നാൽ, ഇത്തരം വിഷയങ്ങളിൽ നയപരമായ തീരുമാനം വേണമെന്ന് ചില മന്ത്രിമാർ അഭിപ്രായപ്പെട്ടു. ഇടതുമുന്നണിയിലും, ട്രേഡ് യൂണിയൻ സംഘടനകളുമായും ചർച്ച ചെയ്ത ശേഷം പരിഗണിക്കാൻ നിർദ്ദേശിച്ച് മാറ്റിവയ്ക്കുകയായിരുന്നു.

കെ.എസ്.ആർ.ടി.സി ഷോപ്പിംഗ് കോംപ്ലക്സുകളുടെ ഉടമസ്ഥാവകാശം കൈമാറലും പാക്കേജിലുണ്ട്. തിരുവനന്തപുരം, തിരുവല്ല എന്നിവയടക്കമുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ സർക്കാർ ഏറ്റെടുക്കണമെന്നതാണ് ഒരു നിർദ്ദേശം. കെ.ടി.ഡി.എഫ്.സിക്കാണ് ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിയന്ത്രണ ചുമതല. കെ.ടി.ഡി.എഫ്.സിയിൽ നിന്ന് വായ്പയെടുത്ത് നിർമ്മിച്ചതിനാലാണിത്. പലിശ അടക്കമുള്ള വായ്പത്തുക സർക്കാർ നൽകി, ഷോപ്പിംഗ് കോംപ്ലക്സുകളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കണമെന്നാണ് ഗതാഗത വകുപ്പിന്റെ ശുപാർശ.

പൊട്ടിത്തെറിക്ക് കാരണം അസറ്റിലിൻ ചോർച്ച

കൊച്ചി: കൊച്ചി കപ്പൽശാലയിൽ അഞ്ച് പേരുടെ മരണത്തിനിടയാക്കിയ പൊട്ടിത്തെറിക്ക് കാരണം അസറ്റിലിൻ വാതകം ചോർന്ന് തീപിടിച്ചതാണെന്ന് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് കണ്ടെത്തി.

തലേന്ന് രാത്രിയിൽ ചോർന്ന് തേർഡ് ഡെക്കിൽ നിറഞ്ഞു നിന്ന വാതകമാണ് കത്തി അതിശക്തമായി പൊട്ടിത്തെറിച്ചത്. അറ്റകുറ്റപ്പണി നടത്തിയ വാട്ടർ ടാങ്കിന് സമീപത്തെ റഫ്രിജറേഷൻ, ശീതീകരണ പ്ലാന്റുകൾക്ക് സമീപത്തായിരുന്നു സ്ഫോടനം. ഫോറൻസിക് പരിശോധനകൾക്ക് ശേഷം വിശദമായ പരിശോധനയ്ക്ക് അഞ്ചംഗ സംഘത്തെ വകുപ്പ് ഡയറക്ടർ പ്രമോദ് നിയോഗിച്ചു. ജോയിന്റ് ഡയറക്ടർ അരുണൻ തലവനായ സമിതിയിൽ കെമിക്കൽ ഇൻസ്പെക്ടർ റെജി, സീനിയർ ഇൻസ്പെക്ടർ നിധീഷ്, സേഫ്ടി കൺട്രോളർ ലാൽ വർഗീസ്, ഇൻസ്പെക്ടർ ഷിബു എന്നിവരാണ് അംഗങ്ങൾ. അഞ്ചു ദിവസത്തിനകം അന്തിമ റിപ്പോർട്ട് സമർപ്പിക്കും. പൊട്ടിത്തെറി നടന്ന കപ്പൽശാല കേന്ദ്ര ഷിപ്പിംഗ് സഹമന്ത്രി പൊൻ രാധാകൃഷ്ണൻ ഇന്നലെ രാവിലെ സന്ദർശിച്ചു. പൊലീസിന്റെ ഫോറൻസിക് വിദഗ്ദ്ധർ പൊട്ടിത്തെറി നടന്ന ഭാഗങ്ങൾ ശാസ്ത്രീയ പരിശോധനകൾക്ക് വിധേയമാക്കി. കേന്ദ്ര മർക്കന്റൈൽ മറൈൻ വകുപ്പ് പ്രിൻസിപ്പൽ ഓഫീസർ ഇന്നലെയും പരിശോധന നടത്തി അറ്റകുറ്റപ്പണികളുടെ രേഖകൾ ശേഖരിച്ചു. പരിക്കേറ്റവരിൽ ഒരാളുടെ നില ഗുരുതരമായി തുടരുകയാണ്.

കപ്പലിന്റെ മുമ്പിലെ ഹോട്ട് വാട്ടർ ടാങ്ക് പൊട്ടിത്തെറിച്ചെന്നാണ് കപ്പൽശാല അധികൃതർ ആദ്യം പറഞ്ഞത്. ടാങ്കിലല്ല പൊട്ടിത്തെറിയെന്ന് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് സ്ഥിരീകരിച്ചു.

സ്ഫോടനം നടന്ന തേർഡ് ഡെക്കിൽ തിങ്കളാഴ്ച രാത്രി അസറ്റിലിൻ വൻതോതിൽ ചോർന്ന് നിറഞ്ഞിരുന്നതായാണ് നിഗമനമെന്ന് വകുപ്പ് ഉന്നതർ കേരളകൗമുദിയോട് പറഞ്ഞു. ഇതറിയാതെ തൊഴിലാളികൾ ആരെങ്കിലും വെൽഡിംഗ് ടോർച്ച് കത്തിച്ചപ്പോൾ സ്ഫോടനം നടന്നതാവാം. കപ്പലിന് പുറത്തെ സിലിണ്ടറിൽ നിന്ന് റബർ ഹോസ് വഴിയാണ് പണി നടക്കുന്നിടത്തേക്ക് ഗ്യാസ് എത്തിച്ചിരുന്നത്.

പെർമിറ്റ് രേഖ ലഭിച്ചില്ല

ഓരോ ഷിഫ്ടിലും പണി ആരംഭിക്കും മുമ്പ് സീറോ ഗ്യാസ് സർട്ടിഫിക്കറ്റ് സുരക്ഷാ വിഭാഗം നൽകിയ ശേഷമേ തൊഴിലാളികളെ കയറ്റാവൂ എന്നാണ് വ്യവസ്ഥ. രാവിലെ എട്ടിന് പെർമിറ്റ് നൽകണം. പണി സ്ഥലം പൂർണമായി സുരക്ഷിതമാണെന്ന് ഉറപ്പാക്കാനാണിത്. അപകട ദിവസം ഈ വർക്ക് പെർമിറ്റ് നൽകിയതിന്റെ രേഖകൾ കപ്പൽശാല കൈമാറിയിട്ടില്ലെന്ന് വകുപ്പ് അധികൃതർ പറഞ്ഞു. പെർമിറ്റ് നൽകിയിട്ടില്ലെങ്കിൽ സുരക്ഷയിൽ കപ്പൽശാലയുടെ വീഴ്ചയാണ് അപകടത്തിന് കാരണമായതെന്ന് വിലയിരുത്തപ്പെടുന്നു.

സർട്ടിഫിക്കറ്റ് നൽകിയെന്നാണ് കപ്പൽശാല ചെയർമാൻ കഴിഞ്ഞ ദിവസം പറഞ്ഞത്.

അസറ്റിലിന് സ്ഫോടകശേഷി

വൻ സ്ഫോടകശേഷിയുള്ളതാണ് അസറ്റിലിൻ വാതകം. ചോരുന്ന വാതകം ഓക്സിജനുമായി കലർന്നാൽ പോലും തീ പിടിച്ച് പൊട്ടിത്തെറിക്കും. നേരിട്ട് കത്തിയാൽ ശക്തമായ സ്ഫോടനമുണ്ടാകും.

വിദഗ്ദ്ധ പരിശോധന ഇന്നാരംഭിക്കും

കൊച്ചി: പൊട്ടിത്തെറിയുണ്ടായ കപ്പലിൽ ഫോറൻസിക് വിദഗ്ദ്ധർ ആരംഭിച്ച പരിശോധനകൾ പൂർത്തിയായാൽ ഷിപ്പിംഗ് മന്ത്രാലയത്തിന്റെയും ഫാക്ടറീസ് ആൻഡ് ബോയിലേഴ്സിന്റെയും വിദഗ്ദ്ധർ വിശദമായ അന്വേഷണം നടത്തും.

പണി ആരംഭിക്കും മുമ്പ് സീറോ ഗ്യാസ് സർട്ടിഫിക്കറ്റ് നൽകിയിരുന്നതായി സംഭവദിവസം അറിയിച്ച കപ്പൽശാല അധികൃതർ അറ്റകുറ്റപ്പണികൾ ആരംഭിക്കും മുമ്പ് ഫയർ ആൻഡ് സേഫ്റ്റി ഉദ്യോഗസ്ഥർ എ.സി പ്ലാന്റിന് സമീപം നിരീക്ഷണം നടത്തുമ്പോഴാകാം അപകടമെന്ന് ഇന്നലെ വിശദീകരിച്ചു.

സുരക്ഷയിൽ വീഴ്ച സംഭവിച്ചെന്ന സംശയം ഇതോടെ വർദ്ധിച്ചു. പൊലീസിന്റെ ഫോറൻസിക് വിദഗ്ദ്ധർ പൊട്ടിത്തെറി നടന്ന ഭാഗങ്ങൾ പരിശോധിച്ച് സാമ്പിളുകൾ ശേഖരിച്ചു.

ഫോറൻസിക് പരിപശോധനയ്ക്ക് ശേഷമേ മറ്റ് ഏജൻസികൾക്ക് പരിശോധിക്കാൻ അനുമതി നൽകൂ.

കപ്പൽശാല നിയോഗിച്ച സംഘം ആരംഭിച്ച അന്വേഷണത്തിന് ശേഷമേ പൊട്ടിത്തെറിയുടെ കാരണം സ്ഥിരീകരിക്കുകയുള്ളുവെന്ന് അധികൃതർ പറഞ്ഞു.

കേന്ദ്രമന്ത്രി കപ്പൽശാലയിലെത്തി

കേന്ദ്ര ഷിപ്പിംഗ് വകുപ്പ് സഹമന്ത്രി പൊൻ രാധാകൃഷ്ണൻ ഇന്നലെ കപ്പൽശാലയിലെത്തി. ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ്. നായർ ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. പരിക്കേറ്റവരെ മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെത്തി സന്ദർശിച്ചു.

1013 കോടിയുടെ പദ്ധതികൾക്ക് കിഫ്ബി അനുമതി

തിരുവനന്തപുരം: 1014.98 കോടിയുടെ 28 പദ്ധതികൾക്ക് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം ഇന്നലെ അനുമതി നൽകി. കൃഷി വകുപ്പിന് കീഴിലുള്ള പഴം, തേൻ പാർക്ക് പദ്ധതിയൊഴികെ ബാക്കി 27 പദ്ധതികളും പൊതുമരമത്ത് വകുപ്പിലെ റോഡ്, പാലം നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്.

ഷുഹൈബ് വധം: സി.ഐ.ടി.യു പ്രവർത്തകൻ കസ്റ്റഡിയിൽ

രാഷ്ട്രീയ വൈരാഗ്യമെന്ന് പൊലീസ്

മട്ടന്നൂർ: യൂത്ത് കോൺഗ്രസ് മട്ടന്നൂർ ബ്ലോക്ക് സെക്രട്ടറി എടയന്നൂരിലെ എസ്.പി. ഷുഹൈബിനെ (29) വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തിൽ ചാലോട് സ്വദേശിയായ സി.ഐ.ടി.യു പ്രവർത്തകനെ പൊലീസ് കസ്റ്റഡിയിലെടുത്തു. മട്ടന്നൂർ സി.ഐ എ. വി. ജോണിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം ഇയാളെ ചോദ്യം ചെയ്യുന്നു.

രാഷ്ട്രീയ വൈരാഗ്യമാണ് കൊലപാതകത്തിനു പിന്നിലെന്ന് പൊലീസ് സ്ഥിരീകരിച്ചിട്ടുണ്ട്. പ്രതികൾ സഞ്ചരിച്ച വാഗൺ - ആർ കാറിനെക്കുറിച്ച് സൂചന ലഭിച്ചു. വാഹനത്തിന്റെ നമ്പർ ബോർഡ് 'ഫോർ രജിസ്ട്രേഷൻ' സ്റ്റിക്കർ വച്ച് മറച്ചിരുന്നു. എടയന്നൂരിലെ സി.പി.എം-കോൺഗ്രസ് സംഘർഷത്തിനു പിന്നാലെ റിമാൻഡിലായ ഷുഹൈബ് കഴിഞ്ഞ മാസം പുറത്തിറങ്ങിയതായിരുന്നു. തിങ്കളാഴ്ച രാത്രി 11 മണിയോടെ മട്ടന്നൂർ തെരൂരിലെ തട്ടുകടയിൽ നിന്നു ഭക്ഷണം കഴിച്ച് ഇറങ്ങുന്നതിനിടെയാണ് കാറിൽ മുഖംമൂടി ധരിച്ചെത്തിയ സംഘം ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച ശേഷം ഷുഹൈബിനെയും ഒപ്പമുണ്ടായിരുന്നവരെയും വെട്ടിയത്. കാലിനും കൈയ്ക്കും വെട്ടേറ്റ് ചോര വാർന്ന് അത്യാസന്നനിലയായ യുവാവ് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനിടെയാണ് മരിച്ചത്. ഷുഹൈബിന്റെ കാലിനും കൈയ്ക്കുമായി 37 മുറിവുകളുണ്ടായിരുന്നു.

ബോംബേറിൽ ചീളുകൾ തെറിച്ചും അക്രമികളുടെ വെട്ടേറ്റും പരിക്ക് പറ്റിയ സി. ഇസ്മായിൽ (35), പി.പി. നൗഷാദ് (38), വി.കെ. മൊയ്നുദ്ദീൻ (45), റിയാസ് (48) എന്നിവർ ചികിത്സയിലാണ്. ഇവരിൽ റിയാസ്, നൗഷാദ് എന്നിവരുടെ മൊഴിയിൽ നിന്നാണ് പ്രതികളെത്തിയ കാറിനെക്കുറിച്ച് സൂചന കിട്ടിയത്. സംഭവസ്ഥലത്ത് നിന്ന് ഡോഗ് സ്ക്വാഡിന് പ്രത്യേകിച്ച് തുമ്പൊന്നും ലഭിച്ചിരുന്നില്ല. വിരലടയാളവിദഗ്ദ്ധർ അഞ്ചു പേരുടെ വിരലടയാളങ്ങൾ ശേഖരിച്ചിട്ടുണ്ട്.

കോൺ. ഉപവാസം തുടങ്ങി

കണ്ണൂർ: യൂത്ത് കോൺഗ്രസ് നേതാവ് മട്ടന്നൂർ ബ്ലോക്ക് സെക്രട്ടറി എടയന്നൂരിലെ എസ്.പി. ഷുഹൈബിനെ (29) വെട്ടിക്കൊലപ്പെടുത്തിയതിൽ പ്രതിഷേധിച്ച് ഡി.സി.സി പ്രസിഡന്റ് സതീശൻ പാച്ചേനിയുടെ നേതൃത്വത്തിൽ കളക്ടറേറ്റിനു മുന്നിൽ 24 മണിക്കൂർ ഉപവാസ സമരം തുടങ്ങി. കെ.പി.സി.സി വൈസ് പ്രസിഡന്റ് വി.ഡി. സതീശൻ എം.എൽ.എ പാച്ചേനിയെ ഷാൾ അണിയിച്ചതോടെയാണ് സമരത്തിന് തുടക്കമായത്. പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പിന്നീട് സമരപ്പന്തലിലെത്തി സത്യാഗ്രഹികളെ സന്ദർശിച്ചു. കോൺഗ്രസ് നേതാക്കളായ പി. രാമകൃഷ്ണൻ, കെ.പി. കുഞ്ഞിക്കണ്ണൻ, പ്രൊഫ. എ.ഡി. മുസ്തഫ, കെ. സുരേന്ദ്രൻ, എ.പി. അബ്ദുള്ളക്കുട്ടി, മമ്പറം ദിവാകരൻ, ടി.ഒ. മോഹനൻ തുടങ്ങിയവർക്കു പുറമെ യൂത്ത് കോൺഗ്രസ് നേതാക്കളും സമരത്തിൽ പങ്കെടുക്കുന്നുണ്ട്. വി.ഡി. സതീശൻ, കെ. സുധാകരൻ, പി. രാമകൃഷ്ണൻ, സുമ ബാലകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

കോൺഗ്രസിന്റെ സഹായമില്ലാതെ ബി.ജെ.പിയെ പരാജയപ്പെടുത്തണം: സി.പി.എം



മാണിക്ക് ഒപ്പമിരിക്കാൻ ഞങ്ങളെ കിട്ടില്ല: കാനം

കോട്ടയം: കേരളകോൺഗ്രസ് - എമ്മിനെ ഉൾപ്പെടുത്തിയാൽ സി.പി.ഐ ഇടതുമുന്നണിയിൽ ഉണ്ടാകില്ലെന്ന് സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ മുന്നറിയിപ്പു നൽകി. സി. പി.ഐ കോട്ടയം ജില്ലാ സമ്മേളനം കറുകച്ചാലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അഴിമതിക്കെതിരെയുള്ള പോരാട്ടം ഇടതു മുന്നണിയുടെ മിനിമം പരിപാടിയിൽപ്പെടുന്നതാണ്. അത് ദുർബലപ്പെടുത്തി മാണിയുമായി യോജിച്ചു പോവുക പ്രയാസമാണ്. മാണിയില്ലാതെയാണ് 91 സീറ്റ് ഇടതുമുന്നണിക്ക് കിട്ടിയത്. ന്യൂനപക്ഷങ്ങളിലേക്ക് ഇടതുമുന്നണിക്ക് നേരിട്ടു ചെല്ലാൻ കഴിയും. അതിന് മദ്ധ്യസ്ഥ പ്രാർത്ഥനക്കാർ ആവശ്യമില്ല. യു.ഡി.എഫിൽ പ്രശ്നമുണ്ടാകുമ്പോൾ ഏതെങ്കിലും കക്ഷിയെ രക്ഷിക്കാനുള്ള ബാധ്യത എൽ.ഡി.എഫിനില്ല. എന്നാൽ മുന്നണിയിൽ നിന്ന് വിട്ടു പോയ ആർ.എസ്.പി, ഫോർവേഡ് ബ്ലോക്ക് തുടങ്ങിയ പാർട്ടികളെ തിരിച്ചു കൊണ്ടുവരണം.

സി. പിഐ ദുർബലമായാൽ എൽ.ഡി.എഫ് ശക്തിപ്പെടുമെന്ന ധാരണ ആർക്കും വേണ്ട. വേറേ ഗോളത്തിൽ നിന്ന് വന്നവരെപ്പോലെ വർത്തമാനം പറയാതിരിക്കുന്നതാണ് നല്ലത്. 69ൽ സി. പി. ഐയുമായി വേർ പിരിഞ്ഞ ശേഷം 80ൽ സി. പി.ഐ മുൻകൈയെടുത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപീകരിച്ച ശേഷമാണ് സെക്രട്ടേറിയറ്റ് ചില സ്നേഹിതന്മാർ കണ്ടത്. ഇത്ര കാലം കൂടെ ജീവിച്ചിട്ടും ചാരിത്ര്യത്തിൽ സംശയമെന്നത് ആര് വിശ്വസിക്കും. തങ്ങളുടെ നിക്ഷിപ്ത താത്പര്യം സംരക്ഷിക്കാനാണ് സി.പി.ഐ ദുർബലമെന്ന പറച്ചിൽ. അവർ പറഞ്ഞോട്ടെ. ജനങ്ങൾ എല്ലാം തീരുമാനിച്ചോളുമെന്നും കാനം പറഞ്ഞു.

സംഘടനാ റിപ്പോർട്ടിലും രൂക്ഷ വിമർശനം

സി.പി.ഐ ജില്ലാ സെക്രട്ടറി സി.കെ. ശശിധരൻ അവതരിപ്പിച്ച സംഘടനാ റിപ്പോർട്ടിലും സി.പി.എമ്മിനെയും മാണി ഗ്രൂപ്പിനെയും രൂക്ഷമായ ഭാഷയിലാണ് വിമർശിക്കുന്നത്.

കേരളകോൺഗ്രസ് എമ്മിനെ ഒരു കാരണവശാലും ഇടതു മുന്നണിയിലേക്ക് അടുപ്പിക്കരുത്.

സി.പി.ഐയിലും വലിയ പാർട്ടിയാണ് മാണി ഗ്രൂപ്പെന്ന് വരുത്തി തീർക്കാനുള്ള സി.പി.എം ശ്രമം ജനങ്ങൾക്കിടയിൽ വിലപ്പോവില്ല. നിയമസഭാ തിരഞ്ഞെടുപ്പിൽ കോട്ടയം ജില്ലയിൽ ഇടതുമുന്നണിക്ക് ക്ഷീണമുണ്ടായത് സി.പി.എമ്മിലെ ഗ്രൂപ്പുവഴക്കു കാരണമാണ്. സി.പി.എം സ്ഥാനാർത്ഥികൾ മത്സരിച്ചിടത്തു വരെ കാലുവാരൽ ഉണ്ടായെന്നും സി.പി.എമ്മിൽ നിന്ന് അണികൾ കൂട്ടത്തോടെ സി.പി.ഐയിലേക്ക് വരുന്നത് ചില നേതാക്കളുടെ നടപടികളിൽ സഹികെട്ടാണെന്നും റിപ്പോർട്ടിൽ പറയുന്നു.

കോട്ടയത്ത് നാലാം തവണയും സി.കെ. ശശിധരനെ ജില്ലാ സെക്രട്ടറിയാക്കാൻ ധാരണയായതായി അറിയുന്നു.

റെയിൽവേ പൊലീസും ജനമൈത്രിയുടെ ട്രാക്കിൽ

▸ രാകേഷ്കൃഷ്ണ

കോട്ടയം: ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ ജനകീയ പങ്കാളിത്തം തേടി റെയിൽവേ പൊലീസ് ട്രാക്കിനരികിലേക്ക്. ജനമൈത്രി മാതൃകയിൽ ആരംഭിച്ച റെയിൽ ബീറ്റിലൂടെ റെയിൽവേ ട്രാക്കിനരികിലെ വീടുകളിലെയും സ്ഥാപനങ്ങളിലെയും പൊതുജനങ്ങളുടെ സഹകരണം തേടുന്നതാണ് പദ്ധതി. ഇതുവഴി ട്രെയിനിനു നേരെയുള്ള കല്ലേറും അട്ടിമറി ശ്രമങ്ങളും തടയാനാവുമെന്നാണ് പ്രതീക്ഷ. ഓരോ റെയിൽവേ പൊലീസ് സ്റ്റേഷന്റെയും പരിധിയിലുള്ള ട്രാക്കിന്റെ ഇരുവശത്തെയും രണ്ടു കിലോമീറ്റർ ഓരോ പൊലീസുകാർക്കായി വിഭജിച്ചു നൽകും. ഈ പൊലീസുകാർ ഈ പ്രദേശത്തെ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് ആളുകളുടെ വിവരങ്ങൾ ശേഖരിക്കണം. ബീറ്റ് പൊലീസുകാരുടെ ഫോൺനമ്പർ പൊതുജനങ്ങൾക്ക് കൈമാറും. ഇതുവഴി സംശയാസ്പദമായ സംഭവങ്ങളുണ്ടായാൽ പൊലീസിനു വിവരം ശേഖരിക്കാൻ സാധിക്കും.

KAUMUDI SPECIAL

അട്ടിമറി തടയുക ലക്ഷ്യം

ട്രെയിനിനു നേരെ കല്ലെറിയുന്നത് കുട്ടികളും സാമൂഹിക വിരുദ്ധരുമാണ്. ഇതുമൂലമുള്ള അപകടം മനസിലാക്കാതെയാണ് കുട്ടികൾ കല്ലെറിയുന്നതെങ്കിൽ, ലഹരിയുടെ ബലത്തിലാവും സാമൂഹിക വിരുദ്ധരുടെ അക്രമം. ട്രാക്കിൽ കരിങ്കല്ലും ഇരുമ്പുഗർഡറുകളും കയറ്റിവയ്ക്കുന്നതും പതിവാണ്. ട്രാക്കിനരികിലുള്ള ജനങ്ങളുമായുള്ള സഹകരണത്തിലൂടെ ഇത്തരം അക്രമങ്ങൾ കണ്ടെത്താനാവുമെന്നാണ് റെയിൽവേ പൊലീസ് പ്രതീക്ഷിക്കുന്നത്.

> "പൊതുജന സഹകരണത്തോടെ ട്രെയിൻ സുരക്ഷ ഉറപ്പാക്കാനാണ് പദ്ധതി. സുരക്ഷ ഉറപ്പാക്കണമെങ്കിൽ ജനങ്ങളുടെ സഹകരണത്തോടെ മാത്രമേ സാധിക്കൂ.
>
> കെ.എം. ജിജിമോൻ, ഡിവൈ.എസ്.പി
> റെയിൽവേ, എറണാകുളം